# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2731 — 19.02.2016- ൽ മറുപടിയ്ക്ക്

### കയർ മേഖലയ്ക്ക് കർമ്മ പദ്ധതി

| ചോദ്യം<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) കയർമേഖലയ്ക്ക് ഊർജ്ജം നൽകുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) കയർമേഖലയ്ക്ക് ഊർജ്ജം നൽകുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | ബി) കയർമേഖലയുടെ സമഗ്ര വികസനം, കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ , ചകിരി ദൗർലഭ്യവും അടിയ്ക്കടിയുള്ള വിലവർദ്ധനവും പരിഹരിക്കൽ, തൊഴിൽദിനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കൽ , ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കൽ, കയർ മേഖ ലയുടെ ആധുനികവൽക്കര ണവും വൈവിദ്ധ്യവൽക്കര ണവും തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ. |
| സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | സി) കയർ മേഖലയിലെ ചകിരിക്ഷാമത്തിന് ശാശ്വതമായ പരിഹാരം ഉണ്ട ാക്കുന്നതിനും ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി **'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും'** എന്ന ഒരു പുതിയ പദ്ധതി ക്ക് അംഗീകാരം നൽകി.<br>• പുനരുദ്ധാരണ പദ്ധതി പ്രകാരമുള്ള പ്രവർത്തന മൂലധനത്തിന്റെ പരിധി വർദ്ധിപ്പിച്ചു.<br>• അർഹമായ എല്ലാ സംഘങ്ങൾക്കും പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-2012, |

2012-2013, 2013-2014, 2014-15 എന്നീ വർഷങ്ങളിൽ യഥാക്രമം 9,54,73,406/-, 8,96,92,648/-, 1,45,25,260/-, 15,84,250/- രൂപ പ്രവർത്തന മൂലധനമായി അനുവദിച്ചു.

- കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 300/- രൂപയായും, ഉൽപ്പന്ന മേഖലയിലെ കുറഞ്ഞകൂലി 360/- രൂപയായും തുടർന്ന് 500/- രൂപയായും വർദ്ധിപ്പിച്ചു.
- കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി.
- കയർപിരി കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-2012 ൽ 1,27,50,175/- രൂപയും, 2012-2013 ൽ 2,07,59,149/- രൂപയും, 2013-2014 ൽ 11,20,75,971/- രൂപയും, 2014-2015 ൽ 10,44,66,655/- രൂപയും 2015-16 ൽ 4,54,71,458/- രൂപയും അനുവദിച്ചു.
- കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും ആഭ്യ-ന്തര-വിദേശ വിപണി വികസിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് "കയർ കേരള്"-അന്താരാഷ്ട്ര പ്രദർശനമേള 2012, 2013, 2014, 2015 എന്നീ വർഷങ്ങളിൽ വിജയകരമായി സംഘടിപ്പിച്ചു.
- ആഭ്യന്തര വിദേശ വിപണികൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു.
- അംഗസംഘങ്ങളിൽ നിന്നും കയർഫെഡ് സംഭരിച്ച കയറിന് നൽകാനുള്ള തുകയായ 6.50 കോടി രൂപ കയർഫെഡിന് നടപ്പുവർഷം അനുവദിച്ചു.
- കയർ സഹകരണ സംഘങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കുന്നതിനായി കയർഫെഡിന് 2013-2014 ൽ 4,86,20,000/- രൂപ അനുവദിച്ചു.
- തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നാളികേര വികസന ബോർഡുമായിട്ടുള്ള 102 ലക്ഷം രൂപയുടെ പ്രോജക്ടിന് അംഗീകാരം നൽകി.
- കയർ ക്രയവില സ്ഥിരതാ പദ്ധതി നടപ്പിലാക്കാൻ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 2012-2013 വർഷം 18,39,60,000/- രൂപയും, 2013-2014 വർഷം

| | |
|---|---|
| | 4,62,37,000/- രൂപയും 2014-15 വർഷം 8,98,13,000/- രൂപയും 2015-16 വർഷം 8,00,00,000/- രൂപയും അനുവദിച്ചു.<br>• കയർ മേഖലയിൽ എല്ലാവിധ ആധുനിക രീതിയിലുള്ള മെഷീനറികൾ നിർമ്മിക്കാനുള്ള കയർ മെഷിനറി ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു.<br>• കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു.<br>• കയർ പൊതുമേഖലാ സ്ഥാപനങ്ങളുടേയും കയർഫെഡിന്റെയും കയർ മേഖലയിലെ സഹകരണ സംഘങ്ങളുടേയും അടിസ്ഥാനസൗകര്യം കൂടുതൽ ശക്തമാക്കി പ്രവർത്തനം ഊർജ്ജസ്വലമാക്കാൻ കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ